I ഇ.ബി. XV - കേരള നിയമസഭ/XI-15

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂലൈ 5, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അറിയിപ്പ്**

അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിന് കൂടുതൽ സമയം ലഭ്യമാക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: വെള്ളിയാഴ്ച ദിവസങ്ങളിൽ അടിയന്തര പ്രാധാന്യമില്ലാത്ത വിഷയങ്ങൾ റൂൾ 50 പ്രകാരമുള്ള നോട്ടീസുകളായി കൊണ്ടുവരുന്നത് ഒഴിവാക്കിയാൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യം പരിഗണിക്കുന്നതിന് കൂടുതൽ സമയം ലഭിക്കുമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്.

ഇക്കാര്യത്തിൽ പ്രതിപക്ഷ നേതാവ് അനുകൂല നിലപാട് കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ

മി. സ്പീക്കർ: സംസ്ഥാനത്ത് അറ്റകുറ്റപ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം റോഡുകൾ ഗതാഗത യോഗ്യമല്ലാതായതിനെത്തുടർന്ന് അപകടങ്ങൾ വർദ്ധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ നജീബ് കാന്തപുരം, ഐ.സി. ബാലകൃഷ്ണൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ.കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സംസ്ഥാനത്താകെ 235000 കി.മീ. റോഡുള്ളതിൽ 29522 കി.മീ. പൊതുമരാമത്ത് വകുപ്പിന് കീഴിലും ബാക്കി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുമാണ്. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 4783 കി.മീ. റോഡ് പരിപാലന കാലാവധിയിലുള്ളതും 19908 കി.മീ. റോഡ് റണ്ണിംഗ്

കോൺട്രാക്ടിലുള്ളതുമാണ്. പ്രവൃത്തി നടക്കുന്ന 4095 കി.മീ. റോഡുകളിൽ ഭൂരിഭാഗവും ഡിസൈൻ റോഡുകളായാണ് നിർമ്മിക്കുന്നത്. റോഡുകളുടെ പരിപാലനത്തിന് റണ്ണിംഗ് കോൺട്രാക്ട് ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. റോഡുകളുടെ പരിപാലനത്തിനുമാത്രമായി 824 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടക്കുന്നതും വിവിധ കാരണങ്ങളാൽ പ്രവൃത്തി തടസ്സപ്പെട്ടതും യൂട്ടിലിറ്റി പ്രവൃത്തി നടക്കുന്നതും കോടതിവ്യവഹാരമുള്ളതുമായ റോഡുകളിലാണ് ഗതാഗതത്തിന് പ്രയാസങ്ങൾ നേരിടുന്നത്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചും ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും സുതാര്യമായാണ് റോഡ് നിർമ്മാണം മുന്നോട്ടുകൊണ്ടുപോകുന്നത്.

ശ്രീ. നജീബ് കാന്തപുരം: പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിലൂടെ സുരക്ഷിതമായി യാത്ര ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ റോഡപകടങ്ങളിൽ 4010 പേർ മരണപ്പെടുകയും 54360 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച 63 പൊതുമരാമത്ത് റോഡുകളും നിർജ്ജീവാവസ്ഥയിലാണുള്ളത്. റോഡുകളുടെ

പ്രവൃത്തികൾ നിരീക്ഷിക്കുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുകയാണ്. വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതാണ് ഇതിന് പ്രധാന കാരണം. അശാസ്ത്രീയമായ രീതിയിലാണ് റോഡുകൾ നിർമ്മിക്കുന്നത്. കെ.എസ്.ടി.പി. ഏറ്റെടുത്ത റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 16882 കി.മീറ്റർ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി റോഡ് വെട്ടിപ്പൊളിക്കുന്നതിന് RoW Services എന്ന വെബ് പോർട്ടലിൽ മുൻകൂട്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് റോഡ് കട്ടിംഗും റെസ്റ്റോറേഷനുമായി ബന്ധപ്പെട്ട ഉത്തരവ് പുതുക്കി ഇറക്കിയിട്ടുണ്ട്. വീടുകളിലേയ്ക്കുള്ള കുടിവെള്ള കണക്ഷനുകൾക്ക് റോഡ് റെസ്റ്റോറേഷനിൽ ഇളവ് നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും മേൽനോട്ടത്തിലും നടത്തുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി

ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. റോഡിന്റെ പരിപാലന കാലാവധി പരസ്യപ്പെടുത്തുന്നതിനായി ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുകയും പരിപാലന കാലാവധി കഴിഞ്ഞ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റോഡ് പ്രവൃത്തികളുടെ ഒന്നാംഘട്ട ഗുണനിലവാര പരിശോധന നിർവ്വഹണോദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരും രണ്ടാംഘട്ട പരിശോധന വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗവുമാണ് നടത്തുന്നത്. റോഡുകളുടെ പരിപാലനത്തിനായി pothole-free roads എന്ന ലക്ഷ്യം കൈവരിക്കാൻ ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിയതുമൂലം സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയം കാരണം കശുവണ്ടി മേഖല തകർച്ചയിലേയ്ക്ക് നീങ്ങുകയാണ്. പൂട്ടിപ്പോയ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും പ്രവൃത്തി ദിനം വർദ്ധിപ്പിക്കുന്നതിനും കശുവണ്ടി തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി കഴിഞ്ഞ സാമ്പത്തികവർഷം തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് കാപ്പക്സിനും കശുവണ്ടി വികസന കോർപ്പറേഷനും 293.31 കോടി രൂപയും ഈ വർഷം 40 കോടി 81 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 40 ലക്ഷം രൂപവരെയുള്ള സംരംഭങ്ങൾക്ക് പ്രത്യേക ധനസഹായം നൽകിയിട്ടുണ്ട്. കശുവണ്ടി ഫാക്ടറികളെടുത്തിട്ടുള്ള പരമാവധി 50 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 50 ശതമാനം പലിശയിളവ് നൽകുന്ന പദ്ധതിക്ക് തുക

അനുവദിച്ചിട്ടുണ്ട്. ബാങ്കുകളിൽനിന്നും രണ്ട് കോടി രൂപവരെ വായ്പയെടുത്തവർക്ക് ഒരു കോടി രൂപയും രണ്ട് കോടിക്കും 10 കോടിക്കും ഇടയിലുള്ള തുക വായ്പയെടുക്കുന്നവർക്ക് വായ്പയുടെ 60 ശതമാനവും അടച്ചാൽമതിയെന്ന് വ്യവസ്ഥ ചെയ്യുകയും കാലാവധി 2024 ഡിസംബർ 31 വരെ നീട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രതിസന്ധിക്കിടയിലും 23 ശതമാനം കൂലി വർദ്ധിപ്പിച്ചതോടെ കാഷ്യൂ കോർപ്പറേഷനും കാപ്പക്സും ഒഴികെയുള്ള ചില ഫാക്ടറികൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ട്. കശുവണ്ടി മേഖലയിൽ രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുകയും അതനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. എന്നിവയിൽ മുതലാളിമാരുടെ വിഹിതം, ഷെല്ലിംഗിന്റെ മോഡണൈസേഷൻ, സ്ത്രീസൗഹൃദ തൊഴിലന്തരീക്ഷം സൃഷ്ടിക്കൽ എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള തുക ധനകാര്യവകുപ്പിൽനിന്നും ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (2) എടരിക്കോട് ടെക്സ്റ്റൈൽസും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡും നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. പി. എ. മജീദ്: എടരിക്കോട് ടെക്സ്റ്റൈൽസിനെയും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡിനെയും പുനരുദ്ധരിക്കുന്നതിനും ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനും ഈ സ്ഥാപനങ്ങളുടെ കീഴിൽ വിനിയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിനും കെൽ-ന് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. കെൽ-നെ ലാഭകരമാക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.എൽ.-മായി സഹകരിച്ച് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയും വൈദ്യുതി, വ്യവസായ വകുപ്പുമന്ത്രിമാരും സംയുക്തമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവിനാനുപാതികമായി ഉല്പന്നങ്ങളുടെ വില വർദ്ധിക്കാത്തതുമൂലം ടെക്സ്റ്റൈൽസ്/ഇലക്ട്രിക്കൽ മേഖലകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കോട്ടൺ ബോർഡ് രൂപീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടച്ചുപൂട്ടിയ

എടരിക്കോട് ടെക്സ്റ്റൈൽസിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാനുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയുടെ മാപ്പിംഗ് നടത്തി കെൽ-ന്റെ ഉടമസ്ഥതയിലോ പങ്കാളിത്തത്തിലോ നിലനിർത്തിക്കൊണ്ട് വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ.-ൽനിന്നും കെൽ-ന്റെ വർക്കിംഗ് ക്യാപിറ്റൽ കൃത്യസമയത്ത് ലഭിക്കുന്നില്ല. കെൽ-ന്റെ വിറ്റുവരവിൽ 2023-24-ൽ വർദ്ധനവുണ്ടായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുകകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാവുന്നതാണ്.

## IV സബ്മിഷൻ

### (1) കാഞ്ഞങ്ങാട് സിവിൽ സർവ്വീസ് അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കണ്ടെത്തിയ 50 സെന്റ് സ്ഥലം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന് ലഭ്യമാക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കാഞ്ഞങ്ങാട് സെന്ററിൽ പരിമിതമായ വിദ്യാർത്ഥികളാണ് പഠിക്കുന്നത്. മുനിസിപ്പാലിറ്റി സൗജന്യമായി നൽകിയ സ്ഥലത്ത് ക്ലാസ്സുകൾ നടത്തുന്നതിന് മതിയായ സൗകര്യങ്ങളുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി സംസ്ഥാനത്തെ താൽപ്പര്യമുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും സിവിൽ സർവ്വീസ് പരിശീലനത്തിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ കോഴ്സുകൾക്കും ഓൺലൈൻ പരിശീലന സൗകര്യം ലഭ്യമാക്കിയിട്ടുള്ളതാണ്. കാഞ്ഞങ്ങാട് സെന്ററിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയോ പുതിയ കോഴ്സുകൾ ആരംഭിക്കുകയോ ചെയ്യുമ്പോൾ ഭൂമി കൈമാറ്റം ചെയ്ത് പുതിയ കെട്ടിടം പണിയുന്നതിന്റെ ആവശ്യകത പരിശോധിക്കുന്നതാണ്.

(2) അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. യു.എ. ലത്തീഫ്: വിദേശ രാജ്യങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിനും മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനും കേരളത്തിൽ ഒരു അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): മലയാളികൾക്ക് വിദേശ നാടുകളിൽ തൊഴിൽപരമായ സാധ്യതകൾ വിപുലീകരിക്കുന്നതിനുതകുന്നരീതിയിൽ ഈ അധ്യയന വർഷം മുതൽ സർവ്വകലാശാലകളിൽ കരിക്കുലം പരിഷ്ക്കരണം പ്രായോഗികമായി നടപ്പിലാക്കുന്നതാണ്. അറബിക് ഉൾപ്പെടെയുള്ള ഭാഷകൾ പഠിക്കുന്നതിനാവശ്യമായ മേജർ മൈനർ കോഴ്സുകളും നൈപുണ്യ വികസന കോഴ്സുകളും പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. അറബിക് ഭാഷയുമായി ബന്ധപ്പെട്ട ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും നിലവിലുണ്ട്. ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ അറബിക് ഭാഷാപഠനത്തിന് ഊന്നൽ നൽകി ഒരു മികവിന്റെ കേന്ദ്രം പൊന്നാനിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പുതിയ സർവ്വകലാശാലകൾ തുടങ്ങുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(3) കേരള പുരാണ പാരായണ സംഘടന കലാകാരന്മാരുടെ പെൻഷൻ

ശ്രീ. പി. സി. വിഷ്ണുനാഥ്: പുരാണ പാരായണ കലാകാരൻമാർക്ക് ക്ഷേമനിധിയിൽ അംഗത്വം ലഭ്യമാക്കുന്നതിനും പെൻഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായ പുരാണ പാരായണ കലാകാരൻമാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കാത്തതും ഈ രംഗത്ത് പ്രവർത്തിക്കാത്തതുമായ ആളുകളുടെ അപേക്ഷകളിന്മേൽ പരാതിയുടെ അടിസ്ഥാനത്തിൽ അംഗത്വം നൽകുന്ന നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. പുരാണ പാരായണ കലാകാരൻമാർക്ക് സാക്ഷ്യപത്രം നൽകാനുള്ള സംവിധാനമോ അംഗീകാരമുള്ള സ്ഥാപനങ്ങളോ നിലവിലില്ലാത്ത സാഹചര്യത്തിൽ അർഹതയില്ലാത്തവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ ഇടവരാത്ത രീതിയിലുള്ള സംവിധാനം സ്വീകരിക്കുന്നതാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്മേലുള്ള തീരുമാനം

വന്നതിനുശേഷം മാനുഷിക പരിഗണനയോടുകൂടി ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(4) <u>അരയാഞ്ഞിലിമൺ നടപ്പാലം</u>

<u>ശ്രീ. പ്രമോദ് നാരായൺ</u>: അരയാഞ്ഞിലിമൺ, കുറുമ്പൻമൂഴി എന്നിവിടങ്ങളിലെ ജനങ്ങളുടെ യാത്രാദുരിതം പരിഹരിക്കുന്നതിന് അനുവദിച്ച സ്റ്റീൽ നടപ്പാലങ്ങളുടെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി <u>(ശ്രീ. ഒ. ആർ. കേളു):</u> റാന്നി നിയോജകമണ്ഡലത്തിലെ അരയാഞ്ഞിലിമൺ നടപ്പാലം നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ പദ്ധതി നിലയ്ക്കുകയും ഭരണാനുമതി നഷ്ടപ്പെടുകയും ചെയ്തിരുന്നു. പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി അക്രെഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(5) <u>നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ പദവി ഉയർത്തൽ</u>

<u>ശ്രീ. എം. എസ്. അരുൺകുമാർ:</u> മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ പദവി

ഉയർത്താനും പുതിയ കെട്ടിടത്തിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ വികസനം മുൻനിർത്തിയുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്താനായി ഹെൽത്ത് സർവ്വീസസ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## V റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

(i) 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്ലേസ്കൂളുകളുടെയും കിൻഡർഗാർട്ടനുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന അങ്കണവാടികളുടെയും നഴ്സറിസ്കൂളുകളുടെയും വിവരങ്ങൾ സൂക്ഷിക്കുകയും മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. പാൽന പദ്ധതി പ്രകാരം സ്റ്റാൻഡ് എലോണായി പ്രവർത്തിക്കുന്ന എല്ലാ ക്രെഷുകളും 2024-25 വർഷത്തോടെ പ്രവർത്തനം നിർത്തുകയോ അങ്കണവാടി-കം-ക്രെഷ് ആക്കി മാറ്റുകയോ ചെയ്യണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്ന് അങ്കണവാടി-കം-ക്രെഷ് പദ്ധതിക്കുള്ള നടപടികൾ വനിത-ശിശു വികസന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. വിദ്യാലയങ്ങളുടെ കീഴിൽ നിയമാനുസൃതമായി

പ്രവർത്തിക്കുന്ന കിൻഡർഗാർട്ടനുകളിലും മോണിറ്ററിംഗ് നടക്കുന്നുണ്ട്. തൊഴിൽ സ്ഥാപനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന ക്രെഷുകളെ അതുമായി ബന്ധപ്പെട്ടവർ മോണിറ്റർ ചെയ്യുന്നുണ്ട്. പ്രീ-സ്കൂൾ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കുട്ടികളുടെ അവകാശങ്ങൾ ഹനിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനായി ബാലാവകാശ കമ്മീഷൻ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ സ്വകാര്യ ബിൽ പരിഗണിക്കേണ്ടതില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> ഐ.സി.ഡി.എസ്.-നുകീഴിൽ അങ്കണവാടികളുണ്ടെങ്കിലും രജിസ്ട്രേഷൻ അതോറിറ്റിയില്ലാത്തതിനാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മറ്റ് പ്രീ-സ്കൂളുകൾക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല. പ്രീ-സ്കൂളുകളെ നിയന്ത്രിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കണം. തോട്ടം തൊഴിലാളികളുടെ മക്കളുടെ സംരക്ഷണം പ്രീ-സ്കൂൾ പരിധിയിലുൾപ്പെടുത്തുകയും പിള്ളപ്പുരകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിബന്ധനകൾ ഒഴിവാക്കുകയും വേണം. പ്രീ-സ്കൂൾ അധ്യാപകരുടെ യോഗ്യത, വിദ്യാർത്ഥി

അനുപാതം എന്നിവ കൃത്യമായി നിർവ്വചിക്കുകയും ക്വാളിറ്റി എഡ്യൂക്കേഷൻ ഉറപ്പുവരുത്തുകയും ചെയ്യണം.

(ചർച്ച തുടരും)

## (ii) 2024-ലെ കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ബിൽ

ശ്രീ. ജി. എസ്. ജയലാൽ: 2024-ലെ കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ബില്ലിലെ വ്യവസ്ഥകൾ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടതും 1960-ലെ ദി പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു അനിമൽസ് എന്ന കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. ജെല്ലിക്കെട്ട് ഉൾപ്പെടെ മൃഗങ്ങളുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ സുപ്രീം കോടതി നിരോധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. ജി. എസ്. ജയലാൽ: കൃഷിയുടെ ആവേശം കെട്ടടങ്ങരുതെന്ന സന്ദേശമാണ് മരമടി മത്സരത്തിലൂടെ കർഷകർ മുന്നോട്ടുവയ്ക്കുന്നത്.

കാർഷിക സംസ്കാരം വരുംതലമുറകൾക്ക് പകർന്നുകൊടുക്കാനുള്ള ശ്രമങ്ങളാണ് കാർഷികാഘോഷങ്ങളിൽ ദൃശ്യമാകുന്നത്. കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തി മരമടി മഹോത്സവം തിരികെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

### (iii) 2022-ലെ കേരളത്തിലെ ഭക്ഷണശാലകൾ വില നിയന്ത്രണവും ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കലും ബിൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: 2022-ലെ കേരളത്തിലെ ഭക്ഷണശാലകൾ വില നിയന്ത്രണവും ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കലും ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ഭക്ഷണശാലകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും അനുവദനീയമായതിൽ കൂടുതൽ വില ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ബില്ലിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ

സംബന്ധിച്ച് സമഗ്ര നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്ന സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: ആരോഗ്യം, ഭക്ഷ്യം വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ ഉൾപ്പെടെയുള്ള ഭക്ഷണശാലകളിൽ ഭക്ഷണ പദാർത്ഥങ്ങൾക്ക് ഏകീകൃത വിലയും ഗുണനിലവാരവും ഉറപ്പുവരുത്തണം. ഭക്ഷണശാലകളിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിനും നാടൻ ഭക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഭക്ഷണശാലകളിൽ വൃത്തിഹീനമായ രീതിയിൽ ഭക്ഷണപദാർത്ഥങ്ങൾ പാകം ചെയ്യുന്നതുകൊണ്ടും വേണ്ടത്ര ആരോഗ്യ സുരക്ഷാ സംവിധാനങ്ങളില്ലാതെ അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നതുകൊണ്ടും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. റെസ്റ്റോറന്റുകളിലെ അടുക്കളയിൽ പരിശോധന നടത്താൻ സാധിക്കുന്ന തരത്തിലുള്ള വ്യവസ്ഥ കൂടി ബില്ലിൽ ഉൾപ്പെടുത്തണം. ഉപഭോക്താക്കൾക്ക് ന്യായ വിലയ്ക്ക് വിഷരഹിത ഭക്ഷണം ഉറപ്പാക്കണം.

(ചർച്ച തുടരും)

(iv) 2021-ലെ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. പി. ഉബൈദുള്ള: 2021-ലെ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂളുകളിൽ പി.ടി.എ.-യും പ്രധാനാധ്യാപകരും ഉൾപ്പെടുന്ന കമ്മിറ്റിയാണ് പാചകത്തൊഴിലാളികളെ നിയമിക്കുന്നത്. കേന്ദ്ര നോംസ് പ്രകാരം ഒരു പാചകത്തൊഴിലാളിയുടെ പ്രതിമാസ മാൻഡേറ്ററി ഓണറേറിയം 1000 രൂപയാണെങ്കിലും 13500 രൂപവരെ സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. 160 കോടി രൂപയുടെ അധികബാധ്യത ഈ ഇനത്തിൽ സർക്കാരിനുണ്ടാകുന്നു. പാചകത്തൊഴിലാളികൾക്ക് ഓണറേറിയത്തിനുപുറമെ വേനലവധിക്കാലത്ത് പ്രതിമാസം 2000 രൂപ വീതം സമാശ്വാസമായും നൽകുന്നുണ്ട്. പ്രായപരിധിയോ സേവന വ്യവസ്ഥകളോ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ 65 വയസിന് മുകളിൽ പ്രായമുള്ളവരാണ് ഈ മേഖലയിൽ സേവനമനുഷ്ഠിക്കുന്നത്. പാചകത്തൊഴിലാളികൾക്ക് പ്രായപരിധി നിശ്ചയിക്കുന്നതും അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതും സംബന്ധിച്ച

പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിലെ സാഹചര്യത്തിൽ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീ. പി. ഉബൈദുള്ള: തൊഴിൽ സ്ഥിരതയില്ലാത്തതുമൂലം സ്കൂൾ പാചകത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, ചികിത്സാ സഹായം എന്നിവ നൽകുന്നതിനുമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുവേണ്ടിയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബില്ലിലെ ഉള്ളടക്കത്തോട് മന്ത്രി യോജിപ്പ് പ്രകടിപ്പിച്ചതിലൂടെ ഇതിന്റെ പ്രസക്തി വ്യക്തമാകുകയാണ്. കുട്ടികൾക്കും സമൂഹത്തിനുംവേണ്ടി വിലയേറിയ സേവനം ചെയ്യുന്ന സ്കൂൾ പാചകത്തൊഴിലാളികൾക്ക് സേവനത്തിനനുസരിച്ചുള്ള വരുമാനം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പാചകത്തൊഴിലാളികളിൽ 50 ശതമാനം പേരും പ്രായാധിക്യത്താൽ ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ സഹായികളെവച്ചാണ് പാചകം ചെയ്യിക്കുന്നത്. ബില്ലിലൂടെ മാത്രം പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളല്ല ഈ മേഖലയിൽ നിലനിൽക്കുന്നത്. പാചകത്തൊഴിലാളികളുടെ ക്ഷേമത്തിനായി

ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കാം. ഇത് ഭരണ-പ്രതിപക്ഷ ഭേദമന്യേ താല്പര്യമുള്ള വിഷയമായതിനാൽ ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

(2022-ലെ കേരള പുസ്തക പ്രസാധക – വിതരണവും സംരക്ഷണ നിയന്ത്രണവും ബിൽ, ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച എന്നിവ പരിഗണിച്ചില്ല.)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

********